**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56** **30-01-2024 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽകരിക്കുന്നത് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. പി. വി. അൻവർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഹിൽ ഇന്ത്യ ലിമിറ്റഡിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനം ഏറ്റെടുക്കാൻ താല്പര്യപ്പെടുന്നുണ്ടോ; വിശദമാക്കാമോ; | (എ) | തീരുമാനം എടുത്തിട്ടുണ്ട്. കേന്ദ്ര കെമിക്കൽസ് ആൻഡ് പെട്രോളിയം മന്ത്രാലയത്തിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് [ HIL (India) Ltd ] എന്ന സ്ഥാപനത്തിന് മൂന്ന് യൂണിറ്റുകളാണ് നിലവിലുള്ളത്.<br><br>1) ഉദ്യോഗ മണ്ഡൽ യൂണിറ്റ്, കൊച്ചി, കേരളം<br><br>2) രാസായനി യൂണിറ്റ്, മഹാരാഷ്ട്ര<br><br>3) ബാതിണ്ട യൂണിറ്റ്, പഞ്ചാബ്.<br><br>അതിൽ ഉദ്യോഗമണ്ഡൽ കൊച്ചി യൂണിറ്റും ബാതിണ്ട യൂണിറ്റും അടച്ചുപൂട്ടാൻ തീരുമാനിച്ചതായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് ആൻഡ് പബ്ലിക് അസറ്റ് മാനേജ്മെന്റ് (DIPAM) വകുപ്പിന്റെ 10-03-2023ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് പ്രവത്തിച്ചു വരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനേയും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെയും വളരെയധികം പ്രതികൂലമായി ബാധിക്കും.<br><br>സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കുന്നതോടൊപ്പം, കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിക്കുകയും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നതുമായ കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തി പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കി പൊതുമേഖലയിൽ തന്നെ നിലനിർത്തുക എന്ന ബദൽ വികസന നയമാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്. കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ, സംസ്ഥാന സർക്കാർ ഏറ്റെടുത്ത്, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, എന്ന പേരിൽ പുനഃനാമകരണം ചെയ്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിച്ച് വരികയാണ്. ഇതോടൊപ്പം തന്നെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.ൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച് .ഇ.എൽ-ന BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികള് കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ - ഇ .എം .എൽ എന്ന പേരിൽ പുനഃനാമകരണം ചെയ്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം പുനരാരംഭിച്ചു . |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് , പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ച് വരുന്നു. കേരള സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയ 123.12 ഏക്കർ സ്ഥലത്ത് ആണ് കമ്പനി സ്ഥിതി ചെയ്യുന്നത് . എന്നാൽ ഭൂമിയുടെ കരം അടച്ച്കൊണ്ടിരുന്നത് കമ്പനി ആയതിനാൽ ആ സ്ഥലത്തിന്റെ വിലകൂടി നൽകിയെങ്കിൽ മാത്രമേ കമ്പനി കേരള സർക്കാരിന് കൈമാറാൻ കഴിയൂ എന്ന് കേന്ദ്രത്തിന്റെ പുതുക്കിയ നിർദ്ദേശം കൈമാറ്റ നടപടികൾ വൈകുന്നതിന് കാരണമായി . ഇത് പരിഹരിച്ച് ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ പുരോഗമി-ക്കുന്നു.<br><br>കേന്ദ്ര സർക്കാർ വിറ്റ് ഒഴിയുന്നതിന് തീരുമാനിച്ചിട്ടുള്ള ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (ഹിന്ദുസ്ഥാൻ ലൈഫ് കെയർ) ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെൻഡർ നടപടികളിൽ പങ്കെടുക്കുവാനും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുമായി കേരള സർക്കാർ KSIDC യെ ചുമതലപ്പെടുത്തിയിരുന്നു. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയ പരിധിക്കുള്ളിൽ തന്നെ ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട EOI (Expression of Interest) സമർപ്പിച്ചിരുന്നു. എന്നാൽ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രക്രിയയുടെ അടുത്ത ഘട്ടത്തിലേക്ക് കേന്ദ്ര സർക്കാർ ടി EOI ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും തുടർ നടപടികൾ സ്വീകരിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽകരിക്കുന്നതിനെതിരെയും അടച്ചുപൂട്ടലിലൂടെയുണ്ടാകുന്ന തൊഴിൽ നഷ്ടം പരിഹരിക്കുന്നതിനായും സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | തീരുമാനം എടുത്തിട്ടുണ്ട്. കേന്ദ്ര കെമിക്കൽസ് ആൻഡ് പെട്രോളിയം മന്ത്രാലയത്തിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡ് [ HIL (India) Ltd ] എന്ന സ്ഥാപനത്തിന് മൂന്ന് യൂണിറ്റുകളാണ് നിലവിലുള്ളത്.<br><br>1) ഉദ്യോഗ മണ്ഡൽ യൂണിറ്റ്, കൊച്ചി, കേരളം<br><br>2) രാസായനി യൂണിറ്റ്, മഹാരാഷ്ട്ര<br><br>3) ബാതിണ്ട യൂണിറ്റ്, പഞ്ചാബ്.<br><br>അതിൽ ഉദ്യോഗമണ്ഡൽ കൊച്ചി യൂണിറ്റും ബാതിണ്ട യൂണിറ്റും അടച്ചുപൂട്ടാൻ തീരുമാനിച്ചതായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെൻറ് ഓഫ് ഇൻവെസ്റ്റ്മെന്റ് ആൻഡ് പബ്ലിക് അസറ്റ് മാനേജ്മെന്റ് (DIPAM) വകുപ്പിന്റെ 10-03-2023ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് പ്രവത്തിച്ചു വരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനേയും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെയും വളരെയധികം പ്രതികൂലമായി ബാധിക്കും.<br><br>സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കുന്നതോടൊപ്പം, കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിക്കുകയും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നതുമായ കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തി പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കി പൊതുമേഖലയിൽ തന്നെ നിലനിർത്തുക എന്ന ബദൽ വികസന നയമാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്. കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ, സംസ്ഥാന സർക്കാർ ഏറ്റെടുത്ത്, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, എന്ന പേരിൽ പുനഃനാമകരണം ചെയ്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിച്ച് വരികയാണ്. ഇതോടൊപ്പം തന്നെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.ൽ. കമ്പനി സംസ്ഥാനം |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച് .ഇ.എൽ-ന BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികള് കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ - ഇ .എം .എൽ എന്ന പേരിൽ പുനഃനാമകരണം ചെയ്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം പുനരാരംഭിച്ചു .<br><br>കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് , പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ച് വരുന്നു. കേരള സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയ 123.12 ഏക്കർ സ്ഥലത്ത് ആണ് കമ്പനി സ്ഥിതി ചെയ്യുന്നത് . എന്നാൽ ഭൂമിയുടെ കരം അടച്ച്കൊണ്ടിരുന്നത് കമ്പനി ആയതിനാൽ ആ സ്ഥലത്തിന്റെ വിലകൂടി നൽകിയെങ്കിൽ മാത്രമേ കമ്പനി കേരള സർക്കാരിന് കൈമാറാൻ കഴിയൂ എന്ന് കേന്ദ്രത്തിന്റെ പുതുക്കിയ നിർദ്ദേശം കൈമാറ്റ നടപടികൾ വൈകുന്നതിന് കാരണമായി .<br>ഇത് പരിഹരിച്ച് ഏറ്റെടുക്കൽ നടപടികൾ<br>പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ പുരോഗമി-ക്കുന്നു.<br><br>കേന്ദ്ര സർക്കാർ വിറ്റ് ഒഴിയുന്നതിന് തീരുമാനിച്ചിട്ടുള്ള ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (ഹിന്ദുസ്ഥാൻ ലൈഫ് കെയർ) ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെൻഡർ നടപടികളിൽ പങ്കെടുക്കുവാനും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുമായി കേരള സർക്കാർ KSIDC യെ ചുമതലപ്പെടുത്തിയിരുന്നു. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയ പരിധിക്കുള്ളിൽ തന്നെ ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട EOI (Expression of Interest) സമർപ്പിച്ചിരുന്നു. എന്നാൽ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രക്രിയയുടെ അടുത്ത ഘട്ടത്തിലേക്ക് കേന്ദ്ര സർക്കാർ ടി EOI ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും തുടർ നടപടികൾ സ്വീകരിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ